റമദാൻ റിലീഫിന്റെ ഭാഗമായി കെ.എൻ.എം. കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ഇഫ്താർ കിറ്റ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി.സുമേഷ്, ഡോ: എ.എ. ബഷീറിന് കൈമാറുന്നു.

ദുബൈ കെ. എം. സി. സി തളിപ്പറമ്പ മുനിസിപ്പൽ കമ്മിറ്റിയുടെ ഇഫ്താർ സംഗമം

നാടെങ്ങും ഇഫ്താർ സംഗമം

ശ്രീകണ്ഠാപുരം: കൊയ്യം മർക്കസിന്റെ ആഭിമുഖ്യത്തിൽ ബദ്ർ അനുസ്മരണവും ഇഫ്താർ വിരുന്നും സംഘടിപ്പിച്ചു. ബദ്ർ അനുസ്മരണം കമാൽ ഫൈസി ഉദ്ഘാടനം ചെയ്തു. നൂർ മുഹമ്മദ് മിസ്ബാഹി മുഖ്യ പ്രഭാഷണം നടത്തി. ആദം മൗലവിയുടെ അദ്ധ്യക്ഷതയിൽ പ്രമുഖ ആർട്ടിസ്റ്റ് സി.പി.ഭാസ്കരൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ചെങ്ങളായി പഞ്ചായത്ത് അംഗം ദിനേശൻ മാസ്റ്റർ, കമാലുദ്ധീൻ മുസ്ലിയാർ, കൊയ്യം ജനാർദ്ദനൻ, പ്രൊഫ: ഇസ്മായിൽ, രവി മാസ്റ്റർ, ബാലൻ മാസ്റ്റർ, ഉസ്മാൻ മൗലവി, മുഹമ്മദ്മാസ്റ്റർ, അബ്ദുൽ ഖാദർ സഖാഫി, മോഹനൻ മാസ്റ്റർ, മുഹമ്മദ് കുഞ്ഞി ഇർഫാനി, ഇബ്രാഹിം മാസ്റ്റർ, അലി മുസ്ലിയാർ, അബ്ദുൽ റഹ്മാൻ ചുഴലി, ഹഖീം വളക്കൈ, ബഷീർ കൊയ്യം പ്രസംഗിച്ചു. മുഹമ്മദ് റഫീഖ് നിസാമി അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ഡോ: സുൽഫിക്കർ അലി, ജില്ലാ ഭാരവാഹികളായ ഇസ്ഹാഖലി കല്ലിക്കണ്ടി, അബ്ദുൽഖയ്യും പുന്നശ്ശേരി, സി.എച്ച്. ഇസ്മായിൽ ഫാറൂഖി, യഅക്കൂബ് എലാങ്കോട്, അലി ശ്രീകണ്ഠപുരം, അബ്ദുറഷീദ് ടമ്മിട്ടോൺ, മഹ്മൂദ് വാരം, ഫൈസൽ മുഴപ്പിലങ്ങാട്, ഹസ്സൻ കുഞ്ഞി അരിപ്പാമ്പ്ര, അബ്ദുറഹ്മാൻ മാസ്റ്റർ ഉളിയിൽ, നിസാമുദ്ധീൻ എം.പി, വി.പി.കെ. അബ്ദുറഹ്മാൻ, അഹമ്മദ് പരിയാരം, അശ്റഫ് മാസ്റ്റർ കടവത്തൂർ , കെ.എം.മൊയ്തു മാസ്റ്റർ സംസാരിച്ചു.

തളിപ്പറമ്പ: ദുബൈ കെ. എം. സി. സി തളിപ്പറമ്പ മുനിസിപ്പൽ കമ്മിറ്റിയുടെ ഇഫ്താർ സംഗമം പ്രസിഡന്റ് ഷാജഹാൻ വി.എം ന്റെ അധ്യക്ഷതയിൽ സ്റ്റേറ്റ് പ്രസിഡന്റ് പി.കെ അൻവർ നഹാ ഉദ്ഘാടനം ചെയ്തു. ഇർഷാദ് ഫൈസി സ്വാഗതവും അബൂട്ടി മന്ന നന്ദിയും പറഞ്ഞു.

മയ്യിൽ: കോറളായി ആർ.പി. മുഹമ്മദ്കുഞ്ഞിഹാജി ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ കോറളായി, കയരളം പ്രദേശങ്ങളിൽ റംസാൻ കിറ്റ് വിതരണവും കോറളായി ഗവ. എൽ.പി സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ബാഗും പഠനോപകരണവും വിതരണം ചെയ്തു. കോൺഗ്രസ് ബൂത്ത് പ്രസിഡണ്ട് പി.പി. മമ്മു വിതരണം ഉദ്ഘാടനം ചെയ്തു. ഷാഫി കോറളായി, ഒ. ഗോപാലൻ, മുഹമ്മദ്കുഞ്ഞി എറിത്തികടവ് സംസാരിച്ചു.

തളിപ്പറമ്പ: കേരള സ്റ്റേറ്റ് ബാർബർ-ബ്യൂട്ടീഷ്യൻസ് അസോസിയേഷൻസ് തളിപ്പറമ്പ് ബ്ലോക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇഫ്ത്താർ സംഗമം നടത്തി. ബ്ലോക്ക് പ്രസിഡണ്ട് ടി. സിദിഖ് (സെക്രട്ടറി), ആർ. രവി, പി. നിസാമുദീൻ, പി.വി. അഷീർ, പി. അബു നേതൃത്വം നൽകി.

ശ്രീകണ്ഠപുരം: ഡി.വൈ.എഫ്.ഐ. കാവുമ്പായി മേഖല കമ്മിറ്റി, വ്യാപാരി വ്യവസായി സമിതി എന്നിവയുടെ നേതൃത്വത്തിൽ ഇഫ്താർ സംഗമം നടത്തി. നടുവിൽ പഞ്ചായത്ത് അംഗം കെ.പി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു. കെ ഷൈജു അധ്യക്ഷത വഹിച്ചു. ചാക്കോ മുല്ലപ്പള്ളി, ബഷീർ പെരുവളത്തുപറമ്പ്, എം.സി. ഹരിദാസൻ, പി.വി. ചന്ദ്രൻ, എം. സന്തോഷ്, എം. നാരായണൻ, കെ.കെ. രാഘവൻ സംസാരിച്ചു.

തളിപ്പറമ്പ നഗരസഭയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിസ്ഥിതി സൗഹൃദ സദസ് ചെയർമാൻ അള്ളാംകുളം മഹമൂദ് ഉദ്ഘാടനം ചെയ്യുന്നു.

പഴയങ്ങാടി പോലീസ് സ്റ്റേഷൻ വളപ്പിൽ എസ്.ഐ ബിനു മോഹനൻ വൃക്ഷത്തൈ നടുന്നു

നാടെങ്ങും പരിസ്ഥിതിദിനം ആഘോഷിച്ചു

തളിപ്പറമ്പ: ലോകപരിസ്ഥിതി ദിനത്തിന്റെ ഭാഗമായി തളിപ്പറമ്പ നഗരസഭയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി സൗഹൃദ സദസ് സംഘടിപ്പിച്ചു. ടൗൺ സ്കയറിൽ നടന്ന പരിപാടി ചെയർമാൻ അള്ളാംകുളം മഹമൂദ് ഉദ്ഘാടനം ചെയ്തു. സീക്ക് ഡയറക്ടർ ടി.പി. പത്മനാഭൻ മാസ്റ്റർ പരിസ്ഥിതി ബോധവൽക്കരണ പ്രഭാഷണം നടത്തി. വൈസ് ചെയർപേഴ്സൺ വൽസലാ പ്രഭാകരൻ അധ്യക്ഷത വഹിച്ചു. കൗൺസിലർമാരായ രജനി രമാനന്ദ്, സി. ഉമ്മർ, കെ. ഹഫ്സത്ത്, കെ. വൽസരാജൻ, ഡി.ഇ.ഒ കെ. രാധാകൃഷ്ണൻ, എം. ചന്ദ്രൻ, കൃഷി ഓഫീസർ കെ. സ്വപ്ന, ഡോ. ടി. പി. അഷ്റഫ്, പി. ഗോവിന്ദൻ, പി.വി. ഫസലുള്ള, പി. വിജയലക്ഷ്മി, എം. വിജയലക്ഷ്മി, എം. അഷ്റഫ്, പി.വി. ബിജു, ഇ.പി. രമേശൻ, വി.വി. വിജയൻ, പി.ദിനേശൻ മാസ്റ്റർ സംസാരിച്ചു. നഗരസഭ സെക്രട്ടറി കെ. അഭിലാഷ് സ്വാഗതവും ഹെൽത്ത് ഇൻസ്പെക്ടർ ആർ. ശ്രീജിത്ത് നന്ദിയും പറഞ്ഞു. പരിപാടിയിൽ ടാഗോർ വിദ്യാനികേതൻ, സീതിസാഹിബ്, മൂത്തേടത്ത്, സർസയ്യിദ് സ്കൂളുകളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി പരിസ്ഥിതി സൗഹൃദ പേനയും പച്ചക്കറി വിത്തും സമ്മാനിച്ചു.

തളിപ്പറമ്പ: എസ്.എസ്.എഫ് തളിപ്പറമ്പ ഏരിയ കമ്മിറ്റിയുടെ പരിസ്ഥിതി വാരാചരണത്തിന്റെ ഏരിയതല ഉദ്ഘാടനം മോറാഴ സ്കൂളിൽ അക്ഷയ് മോറാഴയുടെ അധ്യക്ഷതയിൽ എസ്.എഫ്.ഐ സംസ്ഥാന കമ്മിറ്റിയംഗം പി.എം. അഖിൽ നിർവഹിച്ചു. തുടർന്ന് പേപ്പർ പേന വിതരണവും, സ്കൂളിൽ തേൻ വരിക്ക പ്ലാവിൻതൈ നടുകയും ചെയ്തു. ജില്ലാ വൈസ് പ്രസിഡണ്ട് പ്രജീഷ് ബാബു, അനഘ, ജിതിൻ, അതുൽ, ബിനിൽ കൃഷ്ണൻ, അക്ഷയ് പത്മനാഭൻ സംസാരിച്ചു. ശ്രീകുമാർ അമ്മാനപ്പാറ സ്വാഗതവും പി. ശ്രീരാജ് നന്ദിയും പറഞ്ഞു.

പട്ടുവം: ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി അരിയിൽ ഈസ്റ്റ് എൽ.പി സ്കൂളിൽ പച്ചക്കറി വിത്ത് വിതരണം ചെയ്തു. ഗ്രാമപഞ്ചായത്ത് വികസന സ്റ്റാന്റിംഗ് ചെയർമാൻ വി.വി. ചന്ദ്രന്റെ അധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡണ്ട് ആനക്കീൽ ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. സ്കൂൾ ഹെഡ്മിസ്ട്രസ് കെ. രാധാമണി, പി.ടി.എ പ്രസിഡണ്ട് വി. രതീശൻ, സി.ആർ. സി. കോഡിനേറ്റർ ബ്രിജേഷ് സംസാരിച്ചു. കൃഷി ഓഫീസർ കെ. പ്രീത സ്വാഗതവും കൃഷി അസിസ്റ്റന്റ് കെ. രാജൻ നന്ദിയും പറഞ്ഞു.

തളിപ്പറമ്പ: ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ തളിപ്പറമ്പ വെസ്റ്റ് യൂണിറ്റിന്റെ നേതൃത്വത്തിൽ കുറ്റിക്കോൽ എൽ.പി.സ്കൂളിൽ വെച്ച് നടന്നു.യൂണിറ്റ് പ്രസിഡണ്ട് രഞ്ജിത്തിന്റെ അദ്ധ്യക്ഷതയിൽ വാർഡ് കൗൺസിലർ എം.റഫീക് ഉദ്ഘാടനം ചെയ്തു. മുൻ വൈസ് ചെയർമാൻ ടി.ബാലകൃഷ്ണൻ, ജില്ലാ സിക്രട്ടറി ഉണ്ണികൃഷ്ണൻ, പി.ടി.എ പ്രസിഡണ്ട് ബിജു മോഹൻ,സി. കരീം, പ്രദീപ് കുമാർ രസ്ന ടീച്ചർ സംസാരിച്ചു. പ്രാധാന അദ്ധ്യാപിക ജിഷ ടീച്ചർ സ്വാഗതവും യൂണിറ്റ് സിക്രട്ടറി സോണി മെറി ടോൺ നന്ദിയും പറഞ്ഞു.

തളിപ്പറമ്പ: സി.പി.എമ്മിന്റെ കണ്ണൂരിനൊരു ഹരിത കവചം പദ്ധതിയുടെ തളിപ്പറമ്പ് ഏരിയാതല ഉദ്ഘാടനം ബക്കളം മടിയ ച്ചാലിൽ കേന്ദ്ര കമ്മിറ്റിയംഗം എം.വി. ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. പി. മുകുന്ദൻ, കെ. സന്തോഷ്, സി.എം. കൃഷ്ണൻ, പി. കെ. ശ്യാമള, കെ. ഷാജു, കെ. സന്തോഷ്, എം. രാജഗോപാൽ, സി. കൃഷ്ണൻ, കെ. ദാമോദരൻ സംബന്ധിച്ചു.

തളിപ്പറമ്പ: തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ മേൽശാന്തിയുടെയും മലബാർ ദേവസ്വം ബോർഡ് തളിപ്പറമ്പ് ഡിവിഷണൽ ഇൻസ്പെക്ടറുടെയും നേതൃത്വത്തിൽ വൃക്ഷത്തൈ നടുന്നു.

ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ തളിപ്പറമ്പ വെസ്റ്റ് യൂണിറ്റിന്റെ പരിസ്ഥിതി ദിനാഘോഷം വാർഡ് കൗൺസിലർ എം.റഫീഖ് ഉദ്ഘാടനം ചെയ്യുന്നു.

ബക്കളം മടയിച്ചാലിൽ സി.പി.എം കേന്ദ്ര കമ്മിറ്റിയംഗം എം.വി. ഗോവിന്ദൻ മാസ്റ്റർ വൃക്ഷത്തൈ നടുന്നു.

എസ്.എഫ്.ഐ തളിപ്പറമ്പ ഏരിയ കമ്മിറ്റിയുടെ പരിസ്ഥിതി വാരാചരണത്തിന്റെ ഏരിയതല ഉദ്ഘാടനം സംസ്ഥാന കമ്മിറ്റിയംഗം പി.എം. അഖിൽ നിർവഹിക്കുന്നു.

തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ മേൽശാന്തിയുടെയും മലബാർ ദേവസ്വം ബോർഡ് തളിപ്പറമ്പ് ഡിവിഷണൽ ഇൻസ്പെക്ടറുടെയും നേതൃത്വത്തിൽ വൃക്ഷത്തൈ നടുന്നു.

ആഹ്ലാദമായി പ്രവേശനോത്സവം

കൂവേരി: കൊട്ടക്കാനം എ.യു.പി സ്കൂൾ പ്രവേശനോത്സവം മാനേജർ ടി.വി.പത്മനാഭൻ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് കെ.കെ.പി. അബൂബക്കർ അധ്യക്ഷത വഹിച്ചു. കൂവേരി എഡ്യുക്കേഷണൽ സൊസൈറ്റി ജോ. സെക്രട്ടറി കെ. ഗോപാലൻ പഠന കിറ്റുകളും ഡയറക്ടർ യു. ഗോവിന്ദൻ യൂണിഫോമും വിതരണം ചെയ്തു. അമ്പിളി ബാബു, എം. പി. ചിത്രാദേവി പ്രസംഗിച്ചു. പ്രധാനാധ്യാപകൻ പി.ചന്ദ്രശേഖരൻ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി സി.ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

കുറുമാത്തൂർ: കുറുമാത്തൂർ പഞ്ചായത്ത്തല പ്രവേശനോത്സവം പുല്ല്യാഞ്ഞ്യോട് എ.എൽ.പി സ്കൂളിൽ നടന്നു. പഞ്ചായത്ത് പ്രസിഡണ്ട് ഐ.വി.നാരായണൻ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ പി.പി.ഷൈനി അധ്യക്ഷത വഹിച്ചു. സർവീസിൽ നിന്നും വിരമിക്കുന്ന വി.എം.ഹരിജയന്തൻ മാസ്റ്റർക്ക് പി. ടി.എയും സ്റ്റാഫും ഒരുക്കിയ ഉപഹാരം വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കാനായി രാജൻ നൽകി. പി.ടി.എ പ്രസിഡണ്ട് രാജേഷ് ബാബു, സി.ആർ.സി കോ-ഓർഡിനേറ്റർ രതീദേവി, വാർഡ് മെമ്പർ കെ.ധന്യ സംസാരിച്ചു. നവാഗതർക്ക് പഠനകിറ്റ് വിതരണവും പായസ വിതരണവും നടത്തി. ഹെഡ്മിസ്ട്രസ് പി.വി.സുനിത കുമാരി സ്വാഗതവും സ്റ്റാഫ് സെക്രട്ടറി കെ.പ്രവീൺ നന്ദിയും പറഞ്ഞു.

തളിപ്പറമ്പ: പൂക്കോത്ത് അംഗൻവാടി പ്രവേശനോത്സവം വാർഡ് കൗൺസിലർ കെ. നിഷ ഉദ്ഘാടനം ചെയ്തു. മാവില പത്മനാഭൻ അധ്യക്ഷത വഹിച്ചു.

തളിപ്പറമ്പ: ഞാറ്റുവയൽ അംഗൻവാടി പ്രവേശനോത്സവം വാർഡ് കൗൺസിലർ പി.സി. നസീർ ഉദ്ഘാടനം ചെയ്തു. ചന്ദ്രശേഖരൻ, പ്രഭാകരൻ, ജുനൈദ്, മൈമൂനത്ത്, സ്മിത ബാബു രാജ് സംബന്ധിച്ചു.

കുറുമാത്തൂർ പുല്ല്യാഞ്ഞ്യോട് എ.എൽ.പി സ്കൂളിൽ പ്രവേശനോത്സവം പഞ്ചായത്ത് പ്രസിഡണ്ട് ഐ.വി. നാരായണൻ ഉദ്ഘാടനം ചെയ്യുന്നു.

ഞാറ്റുവയൽ അംഗൻവാടി പ്രവേശനോത്സവം

മാമ്പൊയിൽ സ്കൂൾ കെട്ടിടവും പാരിഷ് ഹാളും വെഞ്ചെരിച്ചു

പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാൻ സമൂഹം മുന്നോട്ട് വരണമെന്ന് മാർ ജോർജ് ഞെരളക്കാട്ട്

ആലക്കോട്: പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും അഭയകേന്ദ്രമായ പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സമൂഹം മുന്നോട്ട് വരണമെന്ന് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ് ഞെരളക്കാട്ട് പ്രസ്താവിച്ചു. മാമ്പൊയിൽ സേക്രട്ട് ഹാർട്ട് എൽ.പി സ്കൂൾ കെട്ടിടത്തിന്റെയും പാരിഷ് ഹാളിന്റെയും വെഞ്ചെരിപ്പ് കർമ്മം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

ഇംഗ്ലീഷ് വിദ്യാഭ്യാസം കൂടി ഉൾപ്പെടുത്തിയുള്ള ഗുണപരമായ മാറ്റമാണ് പൊതുവിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ ഉള്ളത്. മാതാപിതാക്കളെ സ്നേഹിക്കുകയും സംരക്ഷിക്കുകയും സമൂഹത്തിനോട് കരുണ കാട്ടാൻ കഴിയുകയും ചെയ്യുന്ന മനുഷ്യത്വമുള്ളവരായി വളരാൻ കുട്ടികൾക്ക് കഴിയണമെന്ന് അദ്ദേഹം പറഞ്ഞു.

പൊതു സമ്മേളനം ആർച്ച് ബിഷപ്പിന്റെ അധ്യക്ഷതയിൽ കെ.സി ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ ജെയിംസ് ചെല്ലങ്കോട്ട്, ആലക്കോട് ഫെറോന വികാരി ഫാ. ആന്റണി ആനക്കല്ലിൽ, ഉദയഗിരി പഞ്ചായത്ത് പ്രസിഡന്റ് മിനി മാത്യു, വൈസ് പ്രസിഡന്റ് സിജു തുണ്ടിയിൽ, ജില്ലാ പഞ്ചായത്ത് മെമ്പർ ജോയി കൊന്നക്കൽ, ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ ചെയർമാൻ ജോസ് പറയൻകുഴി, പി.എം കുസുമം, സുനിൽ ജോർജ്, ബിജു കണയങ്കൽ പ്രസംഗിച്ചു.

സെക്രട്ട് ഹാർട്ട് പള്ളി വികാരിയും സ്കൂൾ മാനേജരുമായ ഫാ .ഷിനോജ് തുണ്ടത്തിൽ സ്വാഗതവും ഇടവക കോർഡിനേറ്റർ അനിൽ പൈങ്ങോട്ട് നന്ദിയും പറഞ്ഞു. ബെന്നി കണയങ്കൽ, ജോമോൻ തുരുത്തേൽ, എ.ജെ ജോസഫ്, സണ്ണി കരയാറ്റ്, സിസ്റ്റർ ജെസി റാണി, ബിനു കുരുശുകുന്നേൽ, അരുൺ കണയങ്കൽ, മാത്യു പാലപ്പള്ളിൽ, ബിജു കണയങ്കൽ, ടോമി കണയങ്കൽ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

മാമ്പൊയിൽ സെക്രട്ട് ഹാർട്ട് എൽ പി സ്കൂൾ കെട്ടിടവും പാരിഷ് ഹാളും ആർച്ച് ബിഷപ്പ് മാർ ജോർജ് ഞെരളക്കാട്ട് ഉദ്ഘാടനം ചെയ്യുന്നു.

18ന് ലോട്ടറി ബന്ദ്

കണ്ണൂർ: സംസ്ഥാന ലോട്ടറിയുടെ 5000ത്തിന്റെയും അതിന് താഴെയുമുള്ള ചെറിയ തുകയുടെയും സമ്മാനത്തുക വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ലോട്ടറി ഐക്യസമരസമിതിയുടെ നേതൃത്വത്തിൽ ലോട്ടറി ബന്ദ് നടത്തുമെന്ന് ജില്ലാ കോ-ഓർഡിനേഷൻ യോഗം അറിയിച്ചു. ചെയർമാൻ ജിന്ഡസ് മാത്യു അധ്യക്ഷത വഹിച്ചു. ഓൾ കേരള ലോട്ടറി ഓജന്റ് ആന്റ് സെല്ലേഴ്സ് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ് എം.സി.തോമസ് ഉദ്ഘാടനം ചെയ്തു. പി.വീരേന്ദ്രകുമാർ, പൂന്തോടൻ ബാലൻ, സുനിജ ബാലകൃഷ്ണൻ, പി.വി.സജേഷ്, പി.ടി.അനിൽ കുമാർ, ടി.ടി.ഏലിയാസ്, എം.ഒ.ദേവസ്യ, പ്രഭാകരൻ കാടാച്ചിറ, പി.ടി.ജോസ് സംസാരിച്ചു.

ആരോഗ്യ ക്ലാസ് നടത്തി

ശ്രീകണ്ഠപുരം: പന്നിയോട്ടുവയൽ ആർട്സ് ക്ലബിന്റെ നേതൃത്വത്തിൽ ആരോഗ്യ ക്ലാസും ഉന്നത വിജയിക്കൾക്കുള്ള അനുമോദനവും നടത്തി.

മലപ്പട്ടം പഞ്ചായത്ത് പ്രസിഡന്റ് പി. പുഷ്പജൻ ഉദ്ഘാടനം ചെയ്തു. ഇ.വി. രൂപേഷ് അധ്യക്ഷത വഹിച്ചു. ഇരിക്കൂർ ജെ. എച്ച്. ഐ. കെ. പ്രകാശൻ ആരോഗ്യ ക്ലാസെടുത്തു. എ. ലക്ഷ്മി, കെ.വി. സുരേന്ദ്രൻ, ടി.പി. ജലജ, ടി.വി. ലിതേഷ് സംസാരിച്ചു.

മുസ്ലിംലീഗ് മാനവ സൗഹൃദ സംഗമം നാളെ

ആലക്കോട്: ആലക്കോട് പഞ്ചായത്ത് മുസ്ലിം ലീഗ്, യൂത്ത്ലീഗ് കമ്മിറ്റികൾ സംയുക്തമായി സംഘടിപ്പിക്കുന്ന മാനവ സൗഹൃദ സംഗമവും ഇഫ്താർ മീറ്റും നാളെ വൈകുന്നേരം അഞ്ച് മണിക്ക് ആലക്കോട് വ്യാപാരഭവനിൽ നടക്കും. വി.വി.അബ്ദുള്ളയുടെ അധ്യക്ഷതയിൽ ജില്ലാ സെക്രട്ടറി എം.പി. റഹിം ഉദ്ഘാടനം ചെയ്യും.

ഉദയഗിരി ആശുപത്രിയിൽ ഉച്ചകഴിഞ്ഞുള്ള ഒ.പി ആരംഭിക്കണം

ആലക്കോട്: ഉദയഗിരി ഗവ.കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉച്ചകഴിഞ്ഞുള്ള ഒ.പി. സംവിധാനം അടിയന്തിരമായി ആരംഭിക്കുന്നതിന് പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിക്കണമെന്ന് സി.പി.എം. ഉദയഗിരി പഞ്ചായത്ത് കമ്മിറ്റി ആവശ്യപ്പെട്ടു. കഴിഞ്ഞ മാർച്ച് മുന്നിന് പി.എച്ച്.സി. കെട്ടിടം ഉദ്ഘാടനം ചെയ്ത സമയത്ത് ആരോഗ്യമന്ത്രി കെ.കെ. ശൈലജ ടീച്ചറാണ് ആശുപത്രി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയത്. നിലവിൽ ഒരു മണി വരെയുള്ള ഒപി. ആറ് മണി വരെയാക്കുന്നത് മലയോരത്തെ രോഗികൾക്ക് ഏറെ സഹായകമാകും. ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിച്ച് എത്രയും വേഗത്തിൽ സായാഹ്ന ഒ.പി.ആരംഭിക്കണം. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണ സമിതി പുലർത്തുന്ന അനാസ്ഥ പ്രതിഷേധാർഹമാണെന്നും യോഗം കുറ്റപ്പെടുത്തി. എൻ.എം.രാജു അധ്യക്ഷത വഹിച്ചു. കെ.എസ്.ചന്ദ്രശേഖരൻ, സോജൻ കെ.ജോസഫ്, വിടി.ചെറിയാൻ പ്രസംഗിച്ചു.

സി.ബി.എസ്.ഇ പത്താംതരം പരീക്ഷയിൽ അഖിലേന്ത്യാ തലത്തിൽ ഏഴാംസ്ഥാനം നേടിയ വി. പി. അസ്ന ഷെറിൻ (ശ്രീകണ്ഠപുരം മേരിഗിരി സ്കൂൾ വിദ്യാർത്ഥിനി) നടുവിലെ വി.പി. മുസാൻകുട്ടിയുടെയും ബുഷ്റയുടെയും മകളാണ്.

ഗോഡൗൺ വാടകക്ക്

പുളിമ്പറമ്പിൽ വാഹന സൗകര്യമുള്ള ഗോഡൗൺ വാടകക്ക്

8078548471
7012674948

തൊഴിലാളികളെ ആവശ്യമുള്ളവർ വിളിക്കുക

കൃഷിപ്പണികൾക്കും റബർ ടാപ്പിംഗിനും മറ്റു തൊഴിൽ മേഖലകളിലേക്കും തൊഴിലാളികളെ ആവശ്യമുള്ളവർ ബന്ധപ്പെടുക.

8281735421

ബില്ലിംഗ് സ്റ്റാഫിനെ ആവശ്യമുണ്ട്

തളിപ്പറമ്പിലുള്ള രാജധാനി സൂപ്പർമാർക്കറ്റിലേക്ക് ബില്ലിംഗ് സെക്ഷനിൽ സ്റ്റാഫിനെ ആവശ്യമുണ്ട്. (Male/Female)

9895350090
9447850296

വീട് വാടകക്ക്

തളിപ്പറമ്പ പറപ്പൂൽ ജംഗ്ഷനിൽ മെയിൻ റോഡ് സൈഡിൽ എല്ലാ സൗകര്യവുമുള്ള 2 ബെഡ് റൂം പുതിയ വീട് വാടകക്ക്.

9656381441
8137031610

ഡ്രൈവർ കം സെയിൽസ്മാനെ ആവശ്യമുണ്ട്

കോൺപീടിക മരിയപുരത്തുള്ള ഡിസ്ട്രിബ്യൂഷൻ സ്ഥാപനത്തിലേക്ക് ഡ്രൈവിംഗ് ബാഡ്ജുള്ള ഡ്രൈവർ കം സെയിൽസ്മാനെ ആവശ്യമുണ്ട്. താൽപര്യമുള്ളവർ ബന്ധപ്പെടുക.
തളിപ്പറമ്പ- പയ്യന്നൂർ പരിസരത്തുള്ളവർക്ക് മുൻഗണന.

8289890587
04602249731

ചവനപ്പുഴ HI മദ്റസക്ക് വീണ്ടും ചരിത്ര വിജയം

സമസ്ത പൊതുപരിക്ഷയിൽ 5,7,10 ക്ലാസ്സുകളിൽ 100% വിജയവും
ചൊറുക്കള റെയിഞ്ചിൽ രണ്ടാം തവണയും 5-ാം ക്ലാസ്സിൽ ഒന്നാംറാങ്കും
7-ാം ക്ലാസ്സിൽ ഒന്നും രണ്ടും റാങ്ക് നേടിയിരിക്കുന്നു

ഇഫ്താർ സംഗമവും അനുമോദനവും

ഇന്ന് (7-6-18 വ്യാഴം)
വൈകുന്നേരം 5 മണിക്ക്
മദ്റസ ഹാളിൽ
പ്രമുഖർ സംബന്ധിക്കുന്നു

അഞ്ചാം തരം 1st RANK
ഫാത്വിമത്ത് മുഹിദ ടി.കെ.
D/o ഇബ്നു ആദം

ഏഴാം തരം 1st RANK
റഷ്ന ജബിൻ സി.
D/o അബ്ദുൽ ജബ്ബാർ

ഏഴാം തരം 2nd RANK
സഫ പി.
D/o മുഹമ്മദ്

ആശംസകളോടെ... നൂർ ജുമാ മസ്ജിദ് & ഹയാത്തുൽ ഇസ്ലാം മദ്റസ കമ്മിറ്റി, ചവനപ്പുഴ